DESPATCHED
On..05/03/2020

07/01/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 119*(2)/2019*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **489**/*എസ്.ഐ.സി-ജി 6/19*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.അച്ചൻകുഞ്ഞ് എം.,
ഡെപ്യൂട്ടി സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം. – 04. } അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
അണ്ടർ സെക്രട്ടറി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം – 695 004.

2. അപ്പീൽ അധികാരി&
ജോയിന്റ് സെക്രട്ടറി, അഡ്വൈസ് (ലിറ്റിഗേഷൻ),
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
പട്ടം, തിരുവനന്തപുരം – 695 004.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 07.08.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.09.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 12.09.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 17.10.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 11.01.2019 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 11.01.2019 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. അച്ചൻകുഞ്ഞ് എം.,

11.01.2019ന് സമർപ്പിച്ച അപ്പീൽ ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.119(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൊതുഅധികാരിയുടെ കൈവശത്തിലും നിയന്ത്രണത്തിലും ലഭ്യമായിരിക്കെ, അവ നൽകേണ്ടെന്ന് ആഭ്യന്തര പരാതിപരിഹാര കമ്മിറ്റി അറിയിച്ചിട്ടുണ്ടെന്ന മറുപടിയാണ് നൽകിയതെന്നും ടി മറുപടിയ്ക്കെതിരെ സമർപ്പിച്ച അപ്പീലിന് വിവരങ്ങൾ ലഭ്യമാക്കാതെ തീർപ്പാക്കിയെന്നും ആകയാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട എല്ലാ രേഖകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 07.08.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 04.09.2018ന് നൽകിയ മറുപടിയിൽ **Sexual Harrasment of Women at workplace(Prevention, Prohibition and Redressel) Act 2013** ലെ **Section 16** പ്രകാരം **Internal Complaints Committe** മുമ്പാകെ ലഭിക്കുന്ന പരാതികൾ സംബന്ധിച്ച യാതൊരു വിവിരവും വിനിമയം ചെയ്യേണ്ടതില്ലെന്ന് **Internal Complaints** കമ്മിറ്റി അറിയിച്ചിട്ടുണ്ടെന്നും ആകയാൽ ടിയാൻ ആവശ്യപ്പെട്ട വിവരം നൽകാൻ നിർവ്വാഹമില്ലെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 17.10.2018ന് നൽകിയ മറുപടിയിൽ,ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം വകുപ്പ് 8(1)(ജെ) പ്രകാരം വിനിമയം ചെയ്യേണ്ടവയല്ല എന്നതിനാൽ എസ്.പി.ഐ.ഒ.യുടെ മറുപടി ശരിവച്ച് അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു എന്നും **Sexual Harrasment of Workplace Act – 2013 സെക്ഷൻ 13.1** പ്രകാരമുള്ള റിപ്പോർട്ടിന്റെ പകർപ്പ് ടിയാന് നേരിട്ട് ലഭ്യമാക്കുന്നതാണ് എന്ന് **ICC** അറിയിച്ചിട്ടുണ്ടെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 19.09.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാ

രന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ **SHW Act Section 16** പ്രകാരം നൽകിയില്ലെന്നും അപ്പീൽ നൽകിയപ്പോൾ വിവരാവകാശ നിയമം 8(1)(ജെ) പ്രകാരം നൽകാൻ നിർവ്വാഹമില്ലന്നും അറിയിച്ചുവെന്ന് ടിയാൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, **ICC** മുമ്പാകെ 21.03.2017ൽ ലഭിച്ച പരാതിയുടെ പകർപ്പ് ഹർജിക്കാരന് 26.04.2017ൽ ലഭ്യമാക്കിയിട്ടുണ്ടെന്നും നിയമം നടപ്പി ലാക്കുന്നതിന്റെ ഭാഗമായി ലഭ്യമായ സാക്ഷിമൊഴികളുമായി ബന്ധപ്പെട്ട വിവരം എന്ന നിലയ്ക്ക് ടിയാന്റെ അപേക്ഷയിലെ 2, 3 എന്നീ ഇനങ്ങൾക്ക് രേഖകൾ നൽകാൻ നിർവ്വാഹമില്ലെന്നും സാക്ഷികൾക്ക് മുൻകൂർ നോട്ടീസ് രേഖാമൂലം നൽകിയിട്ടില്ലാത്തതിനാൽ അഞ്ചാം ഇനത്തിലൂടെ ആവശ്യപ്പെട്ട രേഖയില്ലെന്നുമാണ്. മാത്രമല്ല ചാർജ്ജ് മെമ്മോ നൽകുന്നത് **ICC** യുടെ നടപടി ക്രമങ്ങളിൽപ്പെടാത്തതിനാൽ 7-ാം ഇനത്തിൽ ആവശ്യപ്പെട്ടത് ബാധകമല്ലെന്നും 8, 9 എന്നീ ഇനങ്ങൾക്കുള്ള വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടുണ്ടെന്നും ക്രമനമ്പർ 10ൽ ആവശ്യപ്പെട്ടിരിക്കുന്നത് രഹസ്യ സ്വഭാവമുള്ളതാകയാലും പരാതിക്കാരുടെ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്ന തല്ലാത്തതിനാലും **SHW Act Section 16, RTI Act Section 8(1)(j)** എന്നിവ പ്രകാരം നൽകാനാവില്ലെന്നുമാണ്. ഇരുകക്ഷികളുടെയും വാദമുഖങ്ങളുടെ അടിസ്ഥാനത്തിൽ ഹർജിക്കാരന് നൽകാൻ കഴിയുന്ന വിവരം ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയിട്ടുണ്ടെന്നും The Sexual Harrasment of Women at Workplace (Prevention, Prohibition and Redressel) Act 2013 പ്രകാരം " Notwithstanding anything contained in the Right to Information Act 2005, the contents of the complaint made under Section 9, the identity and addresses of the aggrieved woman respondent and witnesses, any information relating to conciliation and inquiry proceedings, recommendations of the Internal Committee or the Local Committee, as the case may be, and the action taken by the employer or the District Officer under the provisions of this Act shall

not be published, communicated or made known to the public, press and media in any manner.

Provided that information may be disseminated regarding the justice secured to any victim of sexual harassment under this Act without disclosing the name, address, identity or any other particulars calculated to lead to the identification of the aggrieved woman and witnesses." എന്ന പാർലമെന്റ് പാസ്സാക്കിയ നിയമത്തിലെ **Section 16** പ്രകാരം മേൽപ്പടി വിവരം ലഭ്യമാക്കാൻ കഴിയാത്തതാണെന്ന് വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 07–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM